**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1894** **12-09-2023 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിലെ താത്കാലിക അധ്യാപകനിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം സർവകലാശാലകളാണ് തങ്ങളുടെ പഠനവകുപ്പുകളിൽ കരാർ, ദിവസ വേതനം, സമയദൈർഘ്യത്തിന് വേതനം നൽകുന്ന മണിക്കൂറടിസ്ഥാനത്തിൽ എന്നീ രീതികളിൽ താത്കാലിക അധ്യാപക നിയമനം നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇപ്രകാരം നിയമനം നടത്തിയ തസ്തികകളുടെ വിശദാംശങ്ങൾ സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ; ഇത്തരം മുഴുവൻ താത്കാലിക നിയമനങ്ങളിലും കെ.എസ്. & എസ്.എസ്.ആർ. ലെ സംവരണ തത്വങ്ങൾ പാലിക്കേണ്ടതുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കുസാറ്റ്, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, ന്യൂവാൽസ്, ശ്രീ നാരായണഗുരു ഓപ്പൺ സർവ്വകലാശാല എന്നീ സർവ്വകലാശാലൾ തങ്ങളുടെ പഠനവകുപ്പുകളിൽ/പഠന സ്കൂളുകളിൽ കരാർ, ദിവസ വേതനം, സമയദൈർഘ്യത്തിന് വേതനം എന്നീ രീതികളിൽ അധ്യാപക നിയമനം നടത്തിയിട്ടുണ്ട്. പ്രസ്തുത നിയമനങ്ങൾ അതാത് സർവ്വകലാശാലകളുടെ ആക്ടുകളുടെയും സ്റ്റാറ്റ്യൂട്ടുകളുടെയും അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്. |
| (ബി) | കെ.എസ്. & എസ്.എസ്.ആർ. പാർട്ട് II ,ജനറൽ റൂൾസിലെ റൂൾ (1) സംസ്ഥാനത്തെ സർവകലാശാല നിയമനങ്ങൾക്കും ബാധകമാണെന്നിരിക്കെ ചില സർവ്വകലാശാലകൾ താത്കാലികമായി മണിക്കൂറടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുമ്പോൾ സംവരണതത്വം പാലിക്കാത്തത് നിയമ വിരുദ്ധമല്ലേയെന്നും സർവകലാശാല ചട്ടങ്ങൾക്ക് തന്നെ നിരക്കാത്തതല്ലേയെന്നും പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (ബി) | സർവ്വകലാശാലകളുടെ ആക്ടുകളുടെയും സ്റ്റാറ്റ്യൂട്ടുകളുടെയും അടിസ്ഥാനത്തിലാണ് താത്കാലികമായി അധ്യാപക നിയമനം നടത്തുന്നത്. |
| (സി) | കേരളത്തിലെ ഏതെങ്കിലും സർവകലാശാലകൾ ഇത്തരത്തിൽ നിയമവിരുദ്ധമായി അധ്യാപക തസ്തികകളിൽ കരാർ, ദിവസ വേതനം, മണിക്കൂറടിസ്ഥാനത്തിൽ എന്നിങ്ങനെ താത്കാലിക നിയമനം നല്കിയിട്ടുണ്ടെങ്കിൽ ആയത് തിരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | സർവ്വകലാശാലകൾ നിയമവിരുദ്ധമായി അധ്യാപക തസ്തികകളിൽ കരാർ, ദിവസവേതനം, മണിക്കൂറടിസ്ഥാനത്തിൽ എന്നിങ്ങനെ താത്കാലിക നിയമനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ